"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത്- പാലിയേറ്റീവ് പ്രവർത്തനത്തിന് ആംബുലൻസ് വാങ്ങുന്നതിനുള്ള തുകയുടെ പരിധി ഉയർത്തി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1474/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 15/07/2019

---

പരാമർശം:- 1 31/03/2018 ലെ സ.ഉ(സാധാ) 930/18/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

2 ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 14/02/2019 ലെ കത്ത്(SRG 224/19 CC-140/19)

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 27/02/19 ലെ പ്രത്യേക വിഷയങ്ങളിലെ 4.33 നമ്പർ തിരുമാനം

**ഉത്തരവ്**

ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത് 5 ലക്ഷം രൂപ അടങ്കലിൽ (പ്രോജക്ട് നമ്പർ.159/19) മിനി ആംബുലൻസ് (പാലിയേറ്റീവ് )വാങ്ങിക്കുന്നതിന് അനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 5 ലക്ഷം രൂപ മതിപ്പ വില വരുന്ന മാരുതി ഒമ്നി വിഭാഗത്തിലുള്ള മിനി ആംബുലൻസിന്റെ നിർമ്മാണം മാരുതി കമ്പനി നിർത്തിവച്ചതിനാൽ കുറഞ്ഞത് 8 ലക്ഷം രൂപയ്ക്കെങ്കിലും ആംബുലൻസ് വാങ്ങുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 2 പ്രകാരം ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസർ ആവശ്യപ്പെട്ടിരുന്നു.

2. 27/02/2019 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം 3 ലെ തിരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിന് പാലിയേറ്റീവ് പ്രവർത്തനത്തിന് 8 ലക്ഷം രൂപയ്ക്ക് ആംബുലൻസ് വാങ്ങുന്നതിന് (പ്രോജക്ട് നമ്പർ.159/19) പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാകളക്ടർ/ജില്ലാപ്ലാനിംഗ് ഓഫീസർ, ആലപ്പുഴ

ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ത.സ്വ.ഭ(ഡി.എ)വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്